താണ്. പക്ഷേ അതിനുള്ള സഹായം കിട്ടാത്തതാണ് താമസം വന്നത്. ഇപ്പോൾ രണ്ട് വർഷമായി അതിനുള്ള സഹായം കിട്ടിക്കഴിഞ്ഞു. പക്ഷേ അതിന്റെ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. ഇതൊരു താലൂക്ക് ഹെഡ്ക്വോർട്ടറാണ്. താലൂക്ക് ഹെഡ്ക്വോർട്ടർ അല്ലാത്ത സ്ഥലങ്ങളിൽ സിവിൽ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടിയെ സ്വാഗതം ചെയ്യുന്നു. എന്നാൽ താലൂക്ക് ഹെഡ്ക്വോർട്ടേഴ്സിനു കൂടി ഒരു പ്രിഫറൻസ് കൊടുത്ത് അത് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ച മിനി സിവിൽസ്റ്റേഷന്റെ കാര്യം സഭയിൽ പല തവണ ഉന്നയിച്ചിട്ടുള്ളതാണ്. എത്രയോ നേരത്തെ നിലമ്പൂരിൽ മിനി സിവിൽസ്റ്റേഷൻ വരേണ്ടതായിരുന്നു. അത് ഹോസ്റ്റുമായി ബന്ധപ്പെട്ട സ്ഥലം തീരുമാനിക്കുന്നതിലുണ്ടായ കാലതാമസമാണ്, അതിനൊരു പരിഹാരമായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഭൂമിയാണ് ഇപ്പോൾ സിവിൽ സ്റ്റേഷനുവേണ്ടി കണ്ടെത്തിയിട്ടുള്ളത്. ഭൂമി കൈമാറ്റ നടപടി ജില്ലാ കളക്ടർ വേഗത്തിൽ ചെയ്യുന്നുണ്ട്. ഏറ്റവും വേഗത്തിൽത്തന്നെ അതിൽ തീരുമാനം എടുത്ത് സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കാം.

(4) ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്

ശ്രീ. റോഷി അഗസ്റ്റിൻ : സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സംബന്ധിച്ചാണ് ഈ സബ്മിഷൻ. ജാതി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ രണ്ട് സാക്ഷികൾ വേണമെന്നുള്ള ഒരു നിബന്ധന നിലനിൽക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസം പോലും ഇല്ലാത്ത ആൾക്കാർക്ക് ഇത്തരം സർട്ടിഫിക്കറ്റുകൾ പറ്റുമാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ അവസരയിൽ വില്ലേജിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കിട്ടാനായിട്ട് അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് റേഷൻ കാർഡിൽ എസ്.ടി. എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് കണക്കിലെടുത്തുകൊണ്ട് വില്ലേജിൽ നിന്ന് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകാൻ പരിഗണനയുണ്ടാകണമെന്നും പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്കും അതുപോലെ അവരുടെ ആധികാരിക രേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൊടുത്ത് അവരെ ഇത്തരം കാര്യത്തിൽ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് റവന്യൂ വകുപ്പാണ്. ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതും ജാതി സംബന്ധിച്ച അവകാശവാദം പരിശോധിച്ച് തീരുമാനിക്കുന്നതും സമുദായ സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള കോണ്ടിറ്റന്റ് അതോറിറ്റി എന്നുള്ള നിലയിൽ തഹസിൽദാർ നടത്തുന്ന പ്രാഥമിക അന്വേഷണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലും സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് അടക്കമുള്ള മറ്റ് രേഖകളുടെ അടിസ്ഥാനത്തിലുമാണ്. ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തതയും പഠനവും ആവശ്യമുണ്ടെങ്കിൽ കിർത്താഡ്സിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചാണ് സർട്ടിഫിക്കറ്റ് നൽകിവരുന്നത്. ഇതിന് സംസ്ഥാനമൊട്ടാകെ ഒരേ മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്. കോട്ടയം ഇടുക്കി ജില്ലകൾക്ക് പ്രത്യേക മാനദണ്ഡമൊന്നും നിലവിലില്ല. മറ്റ് സംസ്ഥാനങ്ങളിലെ അതിർത്തി ജില്ലകളിലുള്ളവരും അയൽ സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരുമായ പിന്നാ സമുദായങ്ങൾക്ക് പട്ടിക വിഭാഗങ്ങൾക്കുള്ള ആനുകൂല്യം ലഭിക്കാൻ ഭരണഘടന പ്രകാരം 1950-ന് മുമ്പ് കുടിയേറി പാർത്തതിനുള്ള രേഖകൾ ഹാജരാക്കേണ്ടതുണ്ട്. ഇതിനനുസരിച്ച് മാത്രമേ ജാതി സർട്ടിഫിക്കറ്റ് നൽകാൻ കഴിയൂ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗപ്പെടുത്തി അനർഹർ തട്ടിയെടുക്കരുതെന്ന നയമാണ് സർക്കാരിനുള്ളത്. ഇതനുസരിച്ച് ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ ജാഗ്രത പുലർത്താനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശമുണ്ട്. തെറ്റായ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരായി നിയമ നടപടികൾ സ്വീകരിക്കാനും ഇപ്പോൾ വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ റേഷൻ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുവാനാകുകയില്ല. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധികാരിക രേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്.

(5) കരിങ്കൽഭിത്തി

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, തിരൂർ പുറത്തൂർ-കുറ്റിക്കാട് കടവിൽ കരിങ്കൽഭിത്തി കെട്ടി കര സംരക്ഷിക്കുക എന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പൊന്നാനി ഹിഷിംഗ് ഹാർബറിന്റെ പ്രവർത്തി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ വളരെയധികം ജനങ്ങൾക്ക് സന്തോഷവുമുണ്ട്. പക്ഷേ ഇതിനിടയിൽ പുലിമുട്ട് കെട്ടിയതിന്റെ ഭാഗമായി കടലിൽ വേലിയേറ്റ സമയത്ത് വെള്ളം ധാരാളമായി ഭാരതപ്പുഴയിലേക്ക് ഒഴുകി പുറത്തൂരിന്റെ കരകൾ ഇടിഞ്ഞ് താഴ്ന്നുകൊണ്ടിരിക്കുകയാണ്. നൂറുകണക്കിന് പാവങ്ങളാണ് ആ കരകളിൽ താമസിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ കൂരകൾ ഏതു സമയത്തും ഇടിഞ്ഞുപൊളിഞ്ഞു വീഴാനുള്ള സാധ്യതകളുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ കര സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഭാരതപ്പുഴ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് റിവർ മാനേജുമെന്റ് ഫണ്ടിൽനിന്ന് കരിങ്കൽ ഭിത്തി നിർമ്മിക്കാനായി തുക അനുവദിക്കുവാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഈ പ്രയാസങ്ങളും

LIBRARY ARCHIVES Kerala Legislative Assembly